പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1360** **14. 06. 2013-** ലെ മറുപടി

**മരണപ്പെടുന്ന പ്രവാസികളുടെ നിർദ്ധന കുടുംബ ങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്തു വരവേ മരണപ്പെടുന്ന നിർദ്ധനരുടെ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) ഗൾഫിലെ രാജ്യങ്ങളിൽ ജോലി ചെയ്തു വരവെ മരണമടയുന്നവരുടെ നിർദ്ധനരായ കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെ നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ സാന്ത്വനപദ്ധതിയും, നോർക്ക-റൂട്ട്സ് ചെയർമാന്റെ ധനസഹായമായ ചെയർമാൻഫണ്ട് പദ്ധതിയും നിലവിലുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക വരെ അനുവദിക്കാറുണ്ടെന്നും, കുടുംബ ങ്ങളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | ബി) പ്രസ്തുത പദ്ധതികൾ പ്രകാരം അനുവദിക്കുന്ന തുകയും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു. മടങ്ങിയെത്തിയ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ സഹായം, മകളുടെ വിവാഹസഹായം, മരണമടയുന്നവരുടെ കുടുംബാംഗങ്ങൾക്ക് സഹായം തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.<br><br>**സാന്ത്വന പദ്ധതി-** നാളിതുവരെ വാർഷിക വരുമാനപരിധി 25,000/- രൂപ വരെയുള്ള, രണ്ട് വർഷത്തിലധികം പ്രവാസകാലയളവുള്ള പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് പരമാവധി 20,000/- രൂപവരെ അനുവദിച്ചിരുന്നു. സർക്കാരിന്റെ 01/06/2013 ലെ പുതുക്കിയ ഉത്തരവനുസരിച്ച് 1,00,000/- രൂപ വരെ വാർഷിക വരുമാനപരിധിയുള്ള കുടുംബാംഗങ്ങൾക്ക് പരമാവധി 1,00,000/- രൂപ മരണാനന്തര ധനസഹായമായി ഉയർത്തിയിട്ടുണ്ട്. |

**ചെയർമാൻഫണ്ട് പദ്ധതി-** വാർഷിക വരുമാന പരിധി 50,000/- രൂപ വരെയുള്ള പരമാവധി 10 വർഷത്തിൽ അധികരിക്കാത്ത പ്രവാസ കാലയളവുള്ള പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് മരണാനന്തര ധനസഹായം 25,000/- രൂപ വരെ അനുവദിച്ചു വരുന്നു.

| | |
|---|---|
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സാന്ത്വന പദ്ധതിയിൽ നിന്നും 1745 പേർക്കും ചെയർമാൻഫണ്ടിൽ നിന്നും 519 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ